"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. നീൽ എസ്.എ യുടെ **13/03/2023** മുതൽ **11/10/2023** വരെയുള്ള അനധികൃത ഹാജരില്ലായ്മ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതന അവധിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**730/2026/LSGD** തീയതി,തിരുവനന്തപുരം, **13-03-2026**

---

പരാമർശം:-
1. **14.06.1994**-ലെ സർക്കുലർ നം. **36/94**/ധന.
2 സ.ഉ.(പി) നം.**112/2017**/ധന തീയതി, **24/08/2017.**
2. ശ്രീ. നീൽ എസ്.എ യുടെ **08.04.2024**-ലെ അവധി അപേക്ഷ.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **15/12/2025** ലെ **LSGD/PD/63894/2023-DEB1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ അടൂർ നഗര സഭയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ. നീൽ എസ്.എ യുടെ **13/03/2023** മുതൽ **11/10/2023** വരെയുള്ള അനധികൃത ഹാജരില്ലായ്മ മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതന അവധിയായി പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് ടിയാൻ സമർപ്പിച്ച പരാമർശം **(3)** അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(4)** പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അപേക്ഷകൾ രണ്ടാം വൈദ്യ പരിശോധനയ്ക്ക് അവസരം നഷ്ടമാകാത്ത വിധം കൈകാര്യം ചെയ്യണമെന്ന് പരാമർശം **(1)** സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അവധി കാലയളവ് കഴിഞ്ഞശേഷമാണ് ശ്രീ. നീൽ എസ്.എ. യുടെ അവധി അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുള്ളത് എന്നതിനാൽ രണ്ടാം വൈദ്യ പരിശോധനയ്ക്കുള്ള അവസരം ലഭ്യമല്ല. ആയതിനാൽ, പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ. നീൽ എസ്.എ. യുടെ **13/03/2023** മുതൽ **11/10/2023** വരെയുള്ള അനധികൃത ഹാജരില്ലായ്മ, കെ.എസ്.ആർ. ഭാഗം **1**, ചട്ടം **88** പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി

എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതന അവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. നീൽ എസ്.എ., ജൂനിയർ സൂപ്രണ്ട് (റിട്ട.), അടൂർ നഗരസഭ, പത്തനംതിട്ട *(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, (തിരുവനന്തപുരം/ തൃശ്ശൂർ).
4. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
5. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/307/2025-തസ്വഭവ ഫയൽ).

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 13-03-2026 15:17:07